Service With Love

JUBILEE MISSION

MEDICAL COLLEGE & RESEARCH INSTITUTE

Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

20.08.2026

# നേത്ര ചികിത്സയ്ക്ക് അത്യാധുനിക ഉപകരണങ്ങളുമായി ജൂബിലി

തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ നേത്രരോഗ വിഭാഗത്തിലെ രോഗികൾക്ക് കൂടുതൽ മികച്ചതും സുരക്ഷിതവുമായ ചികിത്സ ഉറപ്പാക്കുന്നതിനായി അത്യാധുനിക ചികിത്സാ ഉപകരണങ്ങൾ സജ്ജമാക്കി. നേത്ര ശസ്ത്രക്രിയകൾ കൂടുതൽ കൃത്യതയോടെയും സുരക്ഷിതവുമായി നടത്തുന്നതിനായി അൽകോണിന്റെ അത്യാധുനിക ഫാകോ മെഷീൻ ഉൾപ്പെടെയുള്ള ഉപകരണങ്ങളും ശസ്ത്രക്രിയകളിൽ കൂടുതൽ വ്യക്തതയും കൃത്യതയും ഉറപ്പാക്കുന്ന കാൾ സയ്സ്-ന്റെ (Carl Zeiss) സാങ്കേതിക വിദ്യയിലുള്ള ശസ്ത്രക്രിയാ മൈക്രോസ്കോപ്പും വിഭാഗത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. പുതിയ ഉപകരണങ്ങളുടെ സഹായത്തോടെ നേത്രരോഗങ്ങളുടെ വിദഗ്ധ ചികിത്സയും ശസ്ത്രക്രിയകളും കൂടുതൽ സുരക്ഷിതമായും കാര്യക്ഷമമായും നടത്താൻ സാധിക്കും. പുതിയ സംവിധാനങ്ങളുടെ ആശിർവാദവും ഉദ്ഘാടനവും ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ നിർവഹിച്ചു. ഡോ. അലക്സ് ജോസഫ്, ഡോ. മോൻസി തോമസ്, പ്രൊഫ. ഡോ. മല്ലിക, ഡോ. സേതു പി. എ., മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ എന്നിവരും നേത്രരോഗവിഭാഗത്തിലെ മറ്റ് ഡോക്ടർമാരും ജീവനക്കാരും ചടങ്ങിൽ സന്നിഹിതരായിരുന്നു.